**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4501** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമഗ്ര വികസനത്തിനായി സഹകരണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സഹകരണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. 22.06.2018 ലെ സ.ഉ.(അച്ചടി) നം.73/2018/സഹ. പ്രകാരമാണ് സംസ്ഥാന സഹകരണ നയത്തിന് രൂപം നൽകിയിട്ടുള്ളത്. |
| (ബി) | സഹകരണ നയത്തിന്റെ പൊതു സമീപനം വ്യക്തമാക്കുമോ; വിവരങ്ങൾ നൽകാമോ; | (ബി) | സഹകരണ നയം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടാണ് മുന്നോട്ടു വയ്ക്കുന്നത്. സഹകരണ മേഖലയുടെ ഭാവി വികസനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം സഹകരണ നയം വ്യക്തമാക്കുന്നു. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പെടുക്കുകയും തുല്യതയാർന്ന സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രാപ്തമാക്കുകയും ഇതിനായി സർക്കാരുമായി ഒത്തിണങ്ങി പ്രവർത്തിക്കുകയും ചെയ്യുക, സാമ്പത്തിക ദുർവ്യയങ്ങളേതുമില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടേയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപ്പുള്ള സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുക, സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനുമായി സഹകരണ പ്രസ്ഥാനത്തെ ഉപയുക്തമാക്കുക, സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ 5 പ്രധാന വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യ നിർമാർജ്ജനവും പട്ടിണി |

| | | | |
|---|---|---|---|
| | | | ഇല്ലാതാക്കലും, ഭക്ഷ്യ സുരക്ഷ, ലിംഗസമത്വം, മാന്യതയുള്ള തൊഴിലും സാമ്പത്തിക വളർച്ചയും, കാലാവസ്ഥ വ്യതിയാനത്തിനെതിരായ പ്രതിരോധം എന്നിവയ്ക്ക് അനുസൃതമായി കേരളത്തിലെ സഹകരണ പ്രസ്ഥാനവും യോജിച്ച് പ്രവർത്തിക്കുക എന്നിവ സഹകരണ നയത്തിന്റെ പൊതു സമീപനത്തിന്റെ സവിശേഷതകളാണ്. |
| (സി) | പ്രസ്തുത നയം മുഖേന സഹകാരികൾക്കും പൊതുജനങ്ങൾക്കും എന്തെല്ലാം സഹായ പദ്ധതികൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ നയത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് സഹകരണ സംഘങ്ങൾ മുഖേനയും നേരിട്ടും നിരവധി ആശ്വാസപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഏവർക്കും സുരക്ഷിതവും വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു.<br><br>സമൂഹത്തിന്റെ താഴെതട്ടിലുള്ളവർ, കൂലിപ്പണിക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും സംരക്ഷിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ‘‘മുറ്റത്തെ മുല്ല’’ എന്ന ഗ്രാമീണ ലഘുവായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>വിപണിയിലെ വിലക്കയറ്റം തടയാനും ഗുണനിലവാരവും വിഷമുക്തവുമായ പച്ചക്കറി കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കറിൽ പച്ചക്കറി കൃഷി നടത്തി ആയത് ഗ്രാമീണ ചന്തകൾ വഴി വിതരണം ചെയ്യുന്ന ‘‘വിഷവിമുക്ത പച്ചക്കറി’’ പദ്ധതി നടപ്പിലാക്കി. ആശ്രയമില്ലാതെ കഴിയുന്നവർക്ക് ചികിത്സാ സൗകര്യവും പരിചരണവും ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിക്ക് തുടക്കം കുറിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതയെ ഉൾപ്പെടുത്തി അവരുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി 14 ജില്ലകളിലും ഓരോ പട്ടികജാതി, പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ ആരംഭിച്ചു. തീരദേശമേഖലയിലെ താഴെത്തട്ടിലുള്ള മത്സ്യ വിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെ ബ്ലേഡ് പലിശക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ പലിശരഹിത ദിന വായ്പ നൽകുന്നതിലേക്കായി “സ്നേഹതീരം” പദ്ധതി നടപ്പിലാക്കി.<br><br>സഹകരണ മേഖലയുടെ പുരോഗതിക്കും വളർച്ചയ്ക്കും വേണ്ടി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതിയായ “സഹകരണം സാന്ത്വനം” നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സ്ഥിര വരുമാനം ലഭ്യമാക്കാനുമായി കേരള ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന “സഹകരണം സൗഹൃദം” എന്ന പേരിൽ വായ്പാ പദ്ധതി ആരംഭിച്ചു. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ഗുണനിലവാര പരിശോധനാലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടുകൂടി “ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്” എന്ന പദ്ധതി നടപ്പിലാക്കി.<br><br>ഭവന രഹിതരായ ജനങ്ങൾക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന കെയർ ഹോം പദ്ധതി നടന്നുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം സഹകരണ നയത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കും സഹകാരികൾക്കും പ്രയോജനകരമായ പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ